LIBRARY ARCHIVES Kerala Legislative Assembly

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിലേക്കുള്ള പ്രൊമോഷൻ

221 (4946) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- II ആയി ജോലി ചെയ്യ വരവേ ഗ്രേഡ്-I ആയി പ്രൊമോഷൻ ലഭിച്ച് മലപ്പുറം ജില്ലയിൽ സ്ഥലം മാറ്റി നിയമിക്കപ്പെട്ട കെ. കെ. സ്വാമിനിയുടെ പ്രൊമോഷൻ ഉത്തരവിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

&

(ബി) 2021 നവംബറിൽ റിട്ടയർ ചെയ്യുന്ന ടി ജീവനക്കാരിയുടെ പ്രൊമോഷൻ സംബന്ധിച്ച അവ്യക്തതകൾ നീക്കി അവർക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28-6-2017-ലെ ഉത്തരവ് നമ്പർ FWA4/19888/2014/DHS Dated 28-6-2017 പ്രകാരം ക്രമ നമ്പർ 1824 മുതൽ 2517 വരെയുള്ള ജീവനക്കാർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകി. എന്നാൽ പ്രൊമോഷൻ നടപടികളുടെ ഭാഗമായി വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നപ്പോൾ ആയത് ലഭ്യമാക്കാത്ത ജീവനക്കാരെ പ്രൊമോഷനിൽനിന്നും ഒഴിവാക്കിയിരുന്നു. ശ്രീമതി സ്വാമിനി കെ. കെ.-യും ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവർക്ക് അപ്പീൽ സമർപ്പിക്കുന്നതിനായി 15 ദിവസം സമയം ഉത്തരവിൽ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാരി യഥാസമയം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയോ നാളിതുവരെ ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് ശ്രീമതി സ്വാമിനി കെ.കെ-യിൽ നിന്നും യാതൊരു അപേക്ഷയോ പരാതിയോ നാളിതുവരെയും ലഭിച്ചിട്ടില്ല. ടിയാളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

പാരാ മെഡിക്കൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾ

222 (4947) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുകളുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) പാരാ മെഡിക്കൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമോ?

പരിഗണനയിലാണ്.

(സി) 2020-21 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വിതരണം ചെയ്യേണ്ട മരുന്നുകൾ എല്ലാ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലും വിതരണം ചെയ്തിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ?

2020-21 സാമ്പത്തിക വർഷം വാർഷിക ഇൻഡന്റിന് അനുസൃതമായും ആശുപത്രികളിലെ നിലവിലെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിലും എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വിതരണം നടത്തിയിട്ടുണ്ട്. മരുന്ന വിതരണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത കോർപ്പറേഷൻ വഴി മരുന്ന് വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയുള്ള മരുന്ന വിതരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. ആശുപത്രികളിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട് അധിക ആവശ്യകത നേരിടുന്ന പക്ഷം, അവ സമയബന്ധിതമായി വിതരണം നടത്തുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്.

(ഇ) കേരളത്തിലെ ഐ.ടി.ഐ.-കളിലെ ഫാർമസിസ്റ്റ് തസ്തിക നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

കേരളത്തിലെ ഐ.ടി.ഐ.-കളിലെ ഫാർമസിസ്റ്റ് തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ ഐ.ടി.ഐ.-കളിൽ പുനഃസ്ഥാപിക്കേണ്ട സാഹചര്യം നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly